ഉത്തരം

(എ) ഡബ്ലിയു.സി.റ്റി. ഹൈബ്രിഡ്, സെഗ്രിഗന്റ്സ്, മലയൻ എല്ലോ ഡാർഫ്, എലൈറ്റ് ഡബ്ല്യൂ, സി.റ്റി. എന്നീ ഇനങ്ങളിൽപ്പെട്ട വിത്തുതേങ്ങ സംഭരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലേയ്ക്കും ആവശ്യമുള്ളത് അതാതു ജില്ലകളിൽനിന്നും കഴിയുന്നതും സംഭരിക്കാൻ ശ്രമിക്കുന്നതാണ്. വേരുചീയൽ രോഗബാധയുള്ള സ്ഥലങ്ങളിൽ രോഗം ബാധിക്കാത്തതും കൂടുതൽ കായ്ഫലമുള്ളതും 25 വർഷത്തിനുമുകളിൽ പ്രായമുള്ളതുമായ തെങ്ങുകളിൽ നിന്നും വിത്തുതേങ്ങ സംഭരിക്കുന്നു.

(ബി) ഇതുവരെ കുറ്റ്യാടി പ്രദേശത്തുനിന്നുമാണ് കൂടുതൽ വിത്തുതേങ്ങ സംഭരിച്ചിരുന്നത്.

(സി) 2003-2004-ൽ ഈ മേഖലയിൽ നിന്നും 3.5 ലക്ഷം വിത്തുതേങ്ങ സംഭരിച്ചിരിക്കുന്നു.

(ഡി) കൂലിച്ചെലവ് കുറയ്ക്കുവാനും കാർഷിക സർവ്വകലാശാലയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും അതാതു ജില്ലകളിലേയ്ക്ക് ആവശ്യമുള്ള വിത്തു തേങ്ങ അതാതു ജില്ലകളിൽനിന്നും കഴിയുന്നതും മുൻപറഞ്ഞ മാനദണ്ഡപ്രകാരം ശേഖരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ പോരാതെവരുന്നത് കൂടുതൽ വിത്തുതേങ്ങയുള്ള സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്നു.

(ഇ) ഇല്ല. കൂമ്പുചീയൽ രോഗബാധ രൂക്ഷമായി കാണുന്ന വാണിമേൽ, നരിപ്പറ്റ എന്നീ പഞ്ചായത്തുകളേയും കാവിലംപാറ പഞ്ചായത്തിലെ കരിങ്ങാട് പ്രദേശത്തേയും വിത്തുതേങ്ങ സംഭരണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) കൂമ്പുചീയൽ രോഗബാധ രൂക്ഷമായി കാണുന്ന വാണിമേൽ, നരിപ്പറ്റ എന്നീ പഞ്ചായത്തുകളേയും കാവിലംപാറ പഞ്ചായത്തിലെ കരിങ്ങാട് പ്രദേശത്തേയും മാത്രമേ ഒഴിവാക്കിയിട്ടുള്ളു. കുറ്റ്യാടി പ്രദേശത്തെ ബാക്കിസ്ഥലങ്ങളിൽ നിന്നും വിത്തുതേങ്ങ സംഭരിക്കുന്നത് നിരോധിച്ചിട്ടില്ല.

തീറ്റപ്പുൽകൃഷി

63 [2926] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, അടൂർ പ്രകാശ്:
,, ടി. എൻ. പ്രതാപൻ:
,, വി. ഡി. സതീശൻ:
,, വർക്കല കഹാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയ്ക്കുള്ള പുല്ല് ആവശ്യാനുസരണം ലഭിക്കുന്നുണ്ടോ;

(ബി) തീറ്റപ്പുൽ വ്യാപകമായി കൃഷി ചെയ്യുവാനുദ്ദേശമുണ്ടോ;

(സി) അതിനുള്ള ധനസഹായം എത്രപേർക്ക് നൽകി;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ധനസഹായം വാങ്ങിയവർ കൃത്യമായി തീറ്റപ്പുൽകൃഷി ചെയ്യുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലഭിക്കുന്നില്ല.

(ബി) ഉണ്ട്.

(സി) 2003-2004 സാമ്പത്തിക വർഷം 34,058 കർഷകർക്ക് ധനസഹായം നൽകി. നടപ്പുവർഷം ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ഡി) തീറ്റപ്പുൽകൃഷി ചെയ്യുന്നുണ്ട്.

വീട്ടുവളപ്പിൽ പച്ചക്കറി കൃഷിയുടെ പുരോഗതി

64 [2927] ശ്രീ. വി. കെ. ചന്ദ്രൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ വീട്ടുവളപ്പിൽ പച്ചക്കറി കൃഷിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) തൻവർഷം ഈ പദ്ധതിയിലൂടെ ഉണ്ടായിട്ടുള്ള പച്ചക്കറി ഉൽപാദന വർദ്ധനവിന്റെ തോത് വെളിപ്പെടുത്താമോ;

(സി) ഉൽസവ കാലങ്ങളെ ലക്ഷ്യമാക്കിയുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ഡി) ഓണക്കാലത്ത് സംസ്ഥാനത്ത് പച്ചക്കറി വിതരണം ഗ്രാമങ്ങളിലും സജീവമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2003-2004-ൽ പച്ചക്കറിയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പ് മുഖേന സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം 857.58 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുകയുണ്ടായി. കൂടാതെ 500 സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണം നടത്തുകയും, 106850 പച്ചക്കറി വിത്തുകിറ്റുകൾ റെസിഡൻഷ്യൽ അസോസിയേഷനുകൾക്ക് വിതരണം നടത്തുകയും ചെയ്തു. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 400 ഹെക്ടറിൽ പരമ്പരാഗത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും, ഇടുക്കി, വയനാട് ജില്ലകളിൽ 94 ഹെക്ടറിൽ ശീതകാല പച്ചക്കറികളുടെ ജൈവ കൃഷിയിലൂടെയുള്ള ഉൽപാദനം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly